# AMRITA
## KAIRALI VIDYA BHAVAN
### Senior Secondary School(CBSE)
### Nedumangad

श्रद्धावान् लभते ज्ञानम्

ജൂലൈ 2021



അമൃതം മലയാളം; മനോഹരം! ആശ്ചര്യം! ഭാഷാ പരിപോഷിണി ഓൺലൈൻ മാസിക വാല്യം-3

**സ്ഥിരം പക്തി**

**സാഹിത്യ പ്രശ്നോത്തരി**
**രശ്മിത ആർ നായർ**
**(അധ്യാപിക മലയാള വിഭാഗം)**

**ഭാഷയും വ്യാകരണവും**
**ബിന്ദു നന്ദന**
**(അധ്യാപിക മലയാള വിഭാഗം)**

**കുഞ്ചൻ നമ്പ്യാർ**
**ചിത്ര എസ്**
**(എച്ച് ഒ ഡി മലയാള വിഭാഗം)**

**മലയാള ഭാഷോത്പത്തി**
**ബിന്ദു നായർ എസ്**
**ഭാഷയും ആറ് നയങ്ങളും**

**മലയാളത്തിന് മറ്റു**
**ഭാഷകളുമായുള്ള ബന്ധം**

**പ്രഭ എസ്**
**(അധ്യാപിക മലയാള വിഭാഗം )**

ഓണക്കാഴ്ചകൾ - മേഘ്ന എം.എസ് - 5 സി.

മഹാബലിയും വാമനനും ഓണവും എൻ്റെ കണ്ണുകളിലൂടെ - തീർത്ഥ എസ് - 5 ഡി

മാറുന്ന ഓണം മാറുന്ന മലയാളി- ഭദ്ര.എൻ - 12 എ

കൊറോണാക്കാലവും ഓണാഘോഷവും- കീർത്തന.എസ്.നായർ - 8 ബി

ഓണം അന്നും ഇന്നും- കാവ്യാ പ്രഭാകർ ബി.ആർ - 12 എ

ഓർമ്മയിലെ എൻ്റെ ഓണം- അങ്കിത തമ്പി. എസ്.ആർ - 8 എ

ഭൂമി - ദേവിക. വി.എസ് - 6 സി

എന്റെ പനിനീർ പുഷ്പങ്ങൾ സ്നേഹ എസ്.എസ് - 6 ബി

വായന- മാറുന്ന പ്രവണതകൾ പവിത്ര ബാലചന്ദ്രൻ - 11 എ







## ഇതാ വീണ്ടുമൊരോണക്കാലം കൂടി

ഉഴുതു മറിച്ച പാടത്തിന്നാഴത്തിൽ നിന്ന് പിറവികൊണ്ട വിളകളെ വാരിയെടുക്കുന്ന കാലമായിരുന്നു മലയാളിക്ക് ഓരോ ഓണക്കാലവും. സമൃദ്ധിയുടെ, സന്തോഷത്തിന്റെ കാലം.ഓണം ഓർമ്മകളിലേക്ക് പിൻ മറഞ്ഞ് പണ്ടെങ്ങോ പാടിത്തീർന്ന പാട്ടായി മാറിയപ്പോൾ വിതയും, നനയും നാം മറന്നു. കയ്യൊഴിഞ്ഞു. ഇതോടെ ഒഴിഞ്ഞു ശൂന്യമായത് പത്തായങ്ങൾ മാത്രമായിരുന്നില്ല. തേക്ക് പാട്ടും ഞാറ്റുപാട്ടും സൂക്ഷിച്ച ഹൃദയങ്ങൾ കൂടിയായിരുന്നു. ഓണക്കളിക്കായ് ഓടിയെത്തിയ നാട്ടുകൂട്ടങ്ങ ളായിരുന്നു. മാബലി പാട്ടിന്നീണമായിരുന്നു. എല്ലാത്തിനുമപ്പുറം കഥകളും കവിതകളും വായനയ്ക്കൂക്കം പകർന്ന സർഗ്ഗസാഹിത്യത്തിന്റെ നെല്ലറകൾ കൂടിയായിരുന്നു. അന്ന് നാം മറവിക്കൊപ്പം എവിടേക്കോ വലിച്ചെറിഞ്ഞത്.

ഇവിടെ വിള വീണ്ടെടുക്കുന്ന സപര്യയോടെ നെടുമങ്ങാട് അമൃത കൈരളി വിദ്യാഭവൻ കുരുന്നുകളുടെ ഹൃദയത്തിൽ നിന്നും പിറന്ന നൽ മുത്തുകൾ ചേർത്തുവച്ച് ഇതാ പുതിയ വിതയുത്സവം തീർക്കുകയാണ്

ഇവിടെ ഈ പാടത്ത് വിളയുന്നതൊന്നും പതിരാക്കില്ല എന്ന് ഉറപ്പാണ്. കാരണം ഇത് അവരുടെ ഹൃദയമാണ്. ഓണത്തോടുള്ള കുരുന്നുകളുടെ നിറഞ്ഞ സ്നേഹമാണ്. കാതോർത്താൽ കേൾക്കാം പൂമ്പാറ്റച്ചിറകടികൾ...

പരക്കുന്നതൊക്കെയും പുഷ്പഗന്ധമാണ്.





## സന്തോഷ് ഏച്ചിക്കാനം
## (സാഹിത്യകാരൻ,തിരക്കഥാകൃത്ത്)

മനസ്സുകളിൽ സ്നേത്തിൻറെയും നന്മയുടെയും സന്ദേശം പകർന്ന് വീണ്ടുമൊരു ഓണക്കാലം കൂടി സമാഗതമായിരിക്കുന്നു.

കോവിഡ് എന്ന മഹാമാരിക്കിടയിലും നമുക്ക് സന്തോഷത്തിൻ്റെ പൂക്കളങ്ങൾ തീർക്കാം...

മനസ്സ് കൊണ്ട് ഒന്നായിരിക്കാം..

എല്ലാ ദു:ഖങ്ങൾക്കിടയിലും സാന്ത്വനമായി സ്നേഹത്തിൻ്റെ രുചി മധുരം പങ്കുവയ്ക്കാം.

ആകുലതകൾ വിട്ടൊഴിഞ്ഞ ഒരു പുതു പുലരിക്കായി കാത്തിരിക്കാം...

പ്രാർത്ഥിക്കാം...

മനസ്സുകളിൽ സ്നേഹത്തിന്റെയും സ്വപ്നങ്ങളുടെയും

പൂക്കാലമാണ് ഓണം നമുക്ക് സമ്മാനിക്കുന്നത്.

കോവിഡിന്റെ ദുരിതങ്ങൾ ക്കപ്പുറം കരുതലിന്റെ, പ്രത്യാശയുടെ നല്ലോണം.

ഓരോ മലാളിയുടെയും ഉള്ളിൽ എല്ലാ സ്വാദിന്റെയും ഗൃഹാതുരത സ്മരണകൾ പകരുന്ന കാലം.

ഒത്തുചേരലിന്റെ മധുര സ്മൃതികൾ.... മനസുകൊണ്ട് ഈ സമയത്തും നമുക്ക് ഒന്ന് ചേരാം.

ഒരുമയുടെയും പങ്കിടലിൻ്റേയും മഹത്തായ സന്ദേശം പകരുന്ന ഈ ഓണനാളിൽ അമൃത കൈരളി വിദ്യാഭവനിലെ എല്ലാ അംഗങ്ങൾക്കും ഹൃദയം നിറഞ്ഞ ഓണാശംസകൾ....



# പന്ന്യൻ രവീന്ദ്രൻ

പ്രിയ സുഹൃത്തുക്കളെ,

പോയകാലത്തിന്റെ മധുരസ്മരണകൾ നിറഞ്ഞു നിൽക്കുന്ന സ്വന്തം നാടായ കൊച്ചുകേരളത്തിൽ

പഴയകാലത്ത് നന്മചെയ്ത കുററത്തിന് രാജ്യം നഷ്ടപ്പെട്ട മഹാബലി ചക്രവർത്തി പതിവു പോലെ വാർഷിക വിരുന്നിനെത്തുകയാണ്. മലയാളികളായ നമ്മൾ സ്വന്തം നാട്ടിലേക്ക് മഹാബലിയെ മനംനിറഞ്ഞു വരവേൽക്കുന്ന

ആഘോഷദിനമാണ്

തിരുവോണം.

ഓണപ്പാട്ടിന്റെ ഈണവും ഓണക്കളികളുടെ ആരവവും

ഓണസദ്യയുടെ സ്വാദും

ആവോളം ആസ്വദിക്കാൻ

കടന്നുവരുന്ന മഹാബലിയെ വരവേൽക്കുവാൻ നാടും നഗരവും ഒരുങ്ങുകയാണ്.

"മാവേലിനാട്ടിലെ ജനങ്ങൾ

ഒന്നാണ്, ഒററക്കെട്ടാണ്

എന്ന് ഒന്നിച്ചു പറയുന്ന ശുഭ ദിനമാണ് ഓണം"

"മാവേലി നാടു വാണീടും കാലം, മാനുഷരെല്ലാരും ഒന്നുപോലെ"

മാവേലി നാടിന്റെ ഓർമ്മകൾ അയവിറക്കാൻ ജാതി മത ചിന്തകളില്ലാതെ എല്ലാ മനുഷ്യരും ഒന്നിച്ചു സ്വീകരിക്കുന്ന ആഘോഷ സുദിനമാണ് ഓണം.

ഓണത്തിന്റെ ഭാഗമായി "ഭാഷാ പരിപോഷിണി "ഓൺലൈൻ മാസിക പ്രസിദ്ധീകരിക്കുന്നതിൽ വളരെയെറെ സന്തോഷമുണ്ട്.

അമൃത കൈരളി വിദ്യാഭവൻ "അമൃതം മലയാളം - മനോഹരം, ആശ്ചര്യം" എന്നപേരിൽ നടത്തുന്ന മലയാള ഭാഷാപ്രചരണത്തിന്റെ ചുവടു പിടിച്ചാണ് ഈ പ്രസിദ്ധീകരണം എന്നതിൽ വളരെയധികം സന്തോഷം നൽകുന്നു.

മധുരോദാരമായ മലയാളത്തിന്റെ പ്രചരണ പരിപാടികൾക്ക് മാധുര്യമേറുന്ന മംഗളാശംസകൾ

# മഹാബലിയും വാമനനും ഓണവും എന്റെ കണ്ണുകളിലൂടെ..


**തീർത്ഥ.എസ് 5 ഡി**

ഒരാളെ അയാളുടെ കുലമോ ജാതിയോ നോക്കി വിളിയിരുത്താനാവില്ല എന്നതിന്റെ ഉത്തമ ഉദാഹരണമാണ് അസുരരാജാവ് മഹാബലി ഇന്ദ്രസേനൻ.

ദുഷ്ടത്തരങ്ങൾ മാത്രം ചെയ്യും എന്ന് നാം വിശ്വസിക്കുന്ന "അസുരവംശത്തിൽ" നിന്ന് ഒരു രാജാവിനെ, ഒരു ദേശം മുഴുവൻ, ഓരോ വർഷവും ആഘോഷമായി കാത്തിരിക്കുന്നു എന്നത് തന്നെയാണ് മഹാബലി എന്ന രാജാവിനെ വ്യത്യസ്തനാക്കുന്നത്.

"പ്രഹ്ലാദൻ" എന്ന മുത്തശ്ശന്റെ സ്വഭാവ സവിശേഷതൾ ആകാം മഹാബലി എന്ന രാജാവിന്റെ വിശേഷതകൾക്കു പിന്നിൽ. സ്വന്തം വിശ്വാസങ്ങൾക്കു വേണ്ടി, വിശ്വസിച്ച ദൈവത്തിനു വേണ്ടി, സ്വന്തം ജീവിതം ബലിനൽകാൻ തയ്യാറായ പ്രഹ്ലാദ മഹാരാജാവിന്റെ കഥ നമുക്ക് എല്ലാവര്ക്കും അറിയാമല്ലോ. സ്വന്തം ഭക്തന് വേണ്ടി തൂണ് പിളർന്നു വന്ന നരസിംഹ സ്വാമി, സ്വന്തം പിതാവായ ഹിരണ്യകശിപുവിനെ വധിക്കുന്നത് കാണേണ്ടി വന്ന പ്രഹ്ലാദാരാജാവ് ഒരു യഥാർത്ഥ ഭക്തന്റെ പ്രതിരൂപമായി എന്നും കഥകളിൽ നിറഞ്ഞുനിൽക്കുന്നു.

മുത്തശ്ശനെ രക്ഷിക്കാൻ തൂണുപിളർന്നെത്തിയ വിഷ്ണു ഭഗവാൻ പക്ഷെ പൗത്രനെ പരീക്ഷിക്കാനാണ് മുന്നിലെത്തിയത്. വിഷ്ണുഭഗവാൻ അങ്ങനെ ചെയ്തതിൽ ഒറ്റനോട്ടത്തിൽ ചില തെറ്റുകൾ തോന്നുമെങ്കിലും നമുക്ക് ചില വേറിട്ട രീതിയിലും ചിന്തിക്കാം.



മഹാബലി രാജാവ് ഭൂമിയെയും സ്വർഗ്ഗത്തെയും ഒരുപോലെയാക്കി എന്നതാണല്ലോ അദ്ദേഹത്തിന്റെ ഏറ്റവും വലിയ മഹ്ഹാത്മ്യം. കള്ളവും ചതിയും ഇല്ലാത്ത, കള്ളത്തരങ്ങൾ മറ്റൊന്നും ഇല്ലാത്ത ലോകം, അതായിരുന്നു രാജാ മഹാബലിയുടെ ഭരണം.

ഭൂമിയെയും സ്വർഗ്ഗത്തെയും പോലെ പാതാളത്തെയും മാറ്റിയെടുക്കാനായിക്കൂടെ മഹാബലിയെ വാമനൻ പാതാളത്തിലേക്കയച്ചത്.

അദിതി എന്ന ദേവമാതാവിന്റെ പ്രാർത്ഥനയാൽ വാമനാവതാരമെടുത്ത മഹാവിഷ്ണു ഭഗവാൻ

ഒരു അമ്മയ്ക്ക് കൊടുത്ത വരത്തിന്റെ ശക്തിയാകാം മഹാബലിയെ പാതാളത്തിലെത്തിച്ചത്. അമ്മയുടെ പ്രാർത്ഥനയുടെ ശക്തി അത് എന്തിലും വലുതാണെന്ന സത്യം ഇതിലൂടെ നമുക്ക് മനസിലാക്കാം.

ധർമം മാത്രം ചെയ്ത മഹാബലിയെ വാമനൻ യുദ്ധത്തിലൂടെ കീഴ്പെടുത്താൻ ശ്രമിച്ചില്ല, പകരം ബലിമഹാരാജാവിന്റെ മാഹാത്മ്യം ലോകത്തെ വീണ്ടും അറിയിച്ചുകൊണ്ട് അദ്ദേഹത്തെ സ്വന്തം ലോകത്തേക്ക് തിരിച്ചയച്ചു. അങ്ങനെ ആയിക്കൂടെ

ധർമം മാത്രമാണ് ബലി മഹാരാജാവ് ചെയ്തതെങ്കിലും അദ്ദേഹത്തിന്റെ.

കൂടെയുള്ള ആളുകൾ ആകാം ഒരു പക്ഷെ അദ്ദേഹത്തിനെ പാതാളത്തിലേക്കു തിരിച്ചെത്തിച്ചത്.

മഹാബലി എന്ന രാജാവ് ചെയ്ത വേറൊരു തെറ്റ് ഗുരു ശുക്രാചാര്യരുടെ വാക്കുകൾ കേട്ടില്ല എന്നതാണ്. വാമനൻ വന്നപ്പോൾ തന്നെ തിരിച്ചറിഞ്ഞ ഗുരു ശുക്രാചാര്യരുടെ "അരുത്" എന്ന വാക്കുകൾ ഒരു പക്ഷെ മഹാബലി രാജാവിനെ രക്ഷിച്ചേനേ. ഗുരുവിന്റെ വാക്കുകൾ തള്ളിക്കളയാതിരിക്കുക എന്ന പാഠം ഇതിലൂടെ നമുക്ക് പഠിക്കാം. പക്ഷെ ഇതിനു വേറൊരു വശം കൂടിയുണ്ട്. സത്യസന്ധതയും ധർമവും എന്തിലും വലുതാണ് എന്ന പാഠം.

ഇനി ഓണം എന്ന ഉത്സവത്തിലേക്കു വന്നാൽ, ഒരുപാട് നന്മകൾ ഉള്ള ഒരു ആഘോഷമാണ് ഓണം. ഒത്തൊരുമയുടെ ഓണം, കൂട്ടായ്മയുടെ ഓണം. ഇന്നത്തെ തലമുറയിൽ കുട്ടികൾ തങ്ങളുടെ കുടുംബാംഗങ്ങളെ ഒരുമിച്ചു കാണാൻ അവസരമൊരുക്കുന്ന ഒരു ആഘോഷം. നമ്മളിൽ പലരും കടകളിലേക്ക് ഇറങ്ങി പലവിധ സാധനങ്ങൾ വാങ്ങി ആഘോഷിക്കുമ്പോൾ, സത്യത്തിൽ ഒരുപാട് കുടുംബങ്ങളിലേക്ക് ആ പണം എത്തിച്ചേരുന്നു, ആ കുടുംബത്തിലെ കുട്ടികളിലേക്ക് സന്തോഷം എത്തുന്നു. അതല്ലേ ഓണത്തിന്റെ സവിശേഷത.

എല്ലാവർക്കും നന്മ നിറഞ്ഞ കൊറോണ ഭീതിയില്ലാത്ത ഓണാശംസകൾ




## <u>ഓണക്കാഴ്ചകൾ</u>

**മേഘ്ന എം.എസ് - 5 സി**

**വന്നല്ലോ വന്നല്ലോ ഓണം വന്നല്ലോ**

**പൂക്കൾ ചിരിക്കുന്ന ഓണം വന്നല്ലോ**

**ഓണ പാട്ടുകൾ പാടിടാം**

**അത്തപുക്കളമൊരിക്കീടാം**

**പുത്തൻ ഉടുപ്പുകൾ വാങ്ങീടാം**

**ഊഞ്ഞാലാടി രസിച്ചീടാം**

**ഓണക്കളികൾ കളിച്ചീടാം**

**ഓണസദ്യ കഴിച്ചീടാം**

**മാവേലി മന്നനെ വരവേൽക്കാൻ**

**ഒത്തൊരുമിച്ചൊന്നാഘോഷിക്കാം**

# കൊറോണക്കാലവും ഓണാഘോഷവും




ഓണം നമ്മുടെ ദേശീയ ഉത്സവമാണ്. ഓണം ലോകത്തെങ്ങുമുള്ള മലയാളികൾക്ക് ഗൃഹാതുരത്വം നിറഞ്ഞ ഒരു ഓർമയാണ് . വിദ്യാലയങ്ങളിലും ഓഫീസുകളിലും ക്ലബ്ബുകളുടെ നേതൃത്വത്തിലും നമ്മൾ എല്ലാ വർഷവും ഓണം ആഘോഷിക്കാറുണ്ട്. മുൻവർഷം പ്രളയത്തിൻ്റേയും മറ്റും കെടുതികളിൽ ഓണാഘോഷങ്ങൾക്ക് മങ്ങലേറ്റു , എങ്കിൽ ഈ വർഷം സ്ഥിതി തികച്ചും വ്യത്യസ്തമാണ്. ഈ കോവിഡ് ഇന്ത്യ പശ്ചാത്തലത്തിൽ നമുക്ക് ഒന്നിച്ചു കൂടാനോ ഒരുമിച്ച് ഓണമാഘോഷിക്കാനോ പറ്റില്ല. ഇത്തവണത്തെ ഓണം ഓൺലൈനായി ആഘോഷിക്കാനാണ് നാട് ഒരുങ്ങുന്നത്. അതുകൊണ്ടുതന്നെ കഴിഞ്ഞവർഷംവരെ നമ്മൾ നടത്തിയിരുന്ന പൂക്കള മത്സരവും വടംവലി മത്സരവും നമുക്ക് ഈ വർഷം നടത്താൻ കഴിയില്ല. പകരം ഡിജിറ്റൽ പൂക്കളവും ഓൺലൈൻ പാചക മത്സരവും ഒക്കെയായി ഈ ഓണം വ്യത്യസ്തമാക്കുകയാണ് നമ്മൾ. ഏതു ദുരിതപൂർണമായ സാഹചര്യത്തേയും അതിജീവിക്കാനുള്ള കഴിവ് നമ്മൾ നേടിയിട്ടുണ്ട്. ഈ കോവിഡ് കാലത്തെ ഓണം നമ്മൾ ജാഗ്രതയോടെ ആയിരിക്കണം വീട്ടിൽ ആഘോഷിക്കേണ്ടത്. സ്വന്തം ആഘോഷങ്ങൾ മാറ്റിവെച്ച് രാപ്പകൽ ഭേദമന്യേ നമുക്ക് ആയി പ്രവർത്തിക്കുന്ന ആരോഗ്യ പ്രവർത്തകരെയും പോലീസുകാരെയും ആദരവോടെ നമുക്ക് ഈ സമയത്ത് ഓർമ്മിക്കാം. ഈ ഓണം സോപ്പിട്ട് , മാസ്കിട്ട് ' ഗ്യാപ്പിട്ട് എന്ന ആരോഗ്യപരമായ സന്ദേശം എല്ലാപേരും ഏറ്റെടുക്കണം. ആഘോഷങ്ങൾ കരുതലോടെ ആവാം നമ്മൾ അതിജീവിക്കുക തന്നെ ചെയ്യും. ഏവർക്കും ഹൃദയം നിറഞ്ഞ ഓണാശംസകൾ.

**കീർത്തന എസ് നായർ 8 ബി**

# സാഹിത്യ പ്രശ്നോത്തരി

രശ്മിത ആർ നായർ - (അധ്യാപിക മലയാള വിഭാഗം)

1. തുള്ളലിനെ 'അനുപമമായ ഒരു നൃത്ത കാവ്യ പ്രസ്ഥാനം' എന്നു വിശേഷിപ്പിച്ചതാര് ?

ഡോ.എം.ലീലാവതി

2. രാമപുരത്തു വാര്യരുടെ ഗീതഗോവിന്ദ പരിഭാഷയുടെ പേരെന്ത്?

ഭാഷാഷ്ടപതി.

3. മലയാളത്തിലെ ആദ്യ ഹാസ്യസാഹിത്യകാരൻ ആരാണ്?

അതുലൻ

4. ചിരിയുടെ പിതാമഹൻ എന്നു വിശേഷണമുള്ളത് ആർക്കാണ്?

വി.കെ.എൻ

5. നീലക്കുയിൽ എന്ന ചിത്രത്തിന്റെ തിരക്കഥ ആരുടേതാണ്?

ഉറൂബ്

6. 'സിനിമയുടെ ലോകം' ആരുടെ രചനയാണ്?

അടൂർ ഗോപാലകൃഷ്ണൻ

7. കുമാരനാശാൻ രചിച്ച നാടകം ഏത്?

വിചിത്ര വിജയം

8. ചങ്ങമ്പുഴ കൃഷ്ണപിള്ള രചിച്ച നോവൽ ഏതാണ്?

കളിത്തോഴി

9. പാട്ട ബാക്കി എന്ന നാടകം രചിച്ചതാര്?

കെ ദാമോദരൻ

10. 'എന്നിലൂടെ' ആരുടെ ആത്മകഥയാണ്?

കുഞ്ഞുണ്ണി മാഷ്.

# <u>വചനം</u>

**ബിന്ദു നന്ദന - (അധ്യാപിക മലയാള വിഭാഗം)**

സംസ്കൃതത്തിൽ  ഏകവചനം, ദ്വിവചനം, ബഹുവചനം എന്ന് വചനം മൂന്ന് വിധത്തിൽ ഉണ്ട്. ദ്രാവിഡ ഭാഷകൾക്ക് ദ്വിവചനം ഇല്ല.മലയാളത്തിൽ വചനം ഏകവചനം, ബഹുവചനം രണ്ടു വിധം. 'ഏകാനേകം ദ്വികം' എന്ന് ലീലാതിലക കാരൻ പറയുന്നു. ഏക വചനം, അനേക വചനം എന്നിങ്ങനയാണ് അദ്ദേഹം സംജ്ഞകൾ നൽകിയിരിയിക്കുന്നത്.

ഏകവചനത്തെ  കുറിക്കാൻ മലയാളത്തിൽ പ്രത്യേക പ്രത്യയം ഇല്ല.

ഏത് നാമവും അതിന്റെ തനി രൂപത്തിൽ ഏകവചനാർഥം   കുറിക്കും.ബഹുവചനം മൂന്ന് വിധത്തിൽ വരും. സലിംഗ ബഹുവചനം, അലിംഗ ബഹുവചനം, പൂജക ബഹുവചനം.

സലിംഗ ബഹുവചനം

ആൺകുട്ടികൾ ( പുല്ലിംഗ ബഹുവചനം)

പെൺകുട്ടികൾ (സ്ത്രീലിംഗ ബഹുവചനം)

മലകൾ ( നപുംസക ബഹു വചനം)

അലിംഗ ബഹുവചനം അധ്യാപകർ, കേരളീയർ, മലയാളികൾ പൂജക ബഹു വചനം ആചാര്യൻ, സ്വാമികൾ

മലയാളത്തിലെ വചന പ്രത്യയങ്ങൾ ആദ്യമായി തിരിച്ചറിഞ്ഞ വൈയാകരണൻ  ലീലാതിലകകാരനാണ്. "അനേക സ്മിൻ ർ , കൾ, മാർ, മർ, പർ, വർ, വു പ്രായേണ" നാമങ്ങളോട് ചേരുന്ന ബഹുവ ചന പ്രത്യയങ്ങളെ കൃത്യമായി  പ്രവചിക്കാൻ സാധ്യമല്ല. ഉഭയ ബഹുവചന രൂപങ്ങളിൽ അർ പ്രത്യയമാണ് കാണുന്നത്.

അധ്യാപകർ, തോഴർ തുടങ്ങിയവ ഉദാഹരണം.

മക്കൾ എന്ന നാമരൂപത്തിൽ ഇതേ അർത്ഥത്തിൽ കൾ പ്രത്യയം ചേർന്ന് കാണുന്നു.പിതാക്കൾ കൾ പ്രത്യയം ചേർന്ന ഉഭയ ബഹു വചന രൂപമാണ്. ലീലാതിലക കാരൻ പറയുന്ന വർ, മർ, പർ പ്രത്യയങ്ങളൊക്കെ അർ പ്രത്യയത്തിൻ്റെ രൂപാന്തരങ്ങളാണ്. സംഖ്യാ പ്രകൃതികളോട് വർ, മർ എന്നിവ ചേർന്നു വരുന്നു. നാൽവർസംഘം( നാല്) എൺവർ (എട്ട്)

ചുവപ്പ് - ചുമപ്പ്

ചെറുവൻ - ചെറുമൻ

എന്നത് പോലെ വർ എന്നതിലെ

വകാരത്തിന് അനുനാസികാ ദേശം വന്ന  രൂപമാണ് മർ.

പൂജക ബഹുവചനം യഥാർത്ഥ ബഹുവചനം അല്ല. അത് ബഹുത്വത്തെ സൂചിപ്പിക്കുന്നില്ല. വ്യക്തിയെ ബഹുമാനിക്കുന്നതിനു വേണ്ടി വചനത്തിൽ വരുത്തിയ ഭേദം മാത്രമാണ്. കേരളപാണിനിയാണ് അതിന് പൂജക ബഹുവചനം എന്ന സംജ്ഞ നൽകിയത്. ആധുനിക ഭാഷാ ശാസ്ത്രജ്ഞൻമാർ

പൂജകൈക വചനം എന്ന പേരാണ് ഉപയോഗിക്കുന്നത്.

# ഓർമയിലെ എൻ്റെ ഓണം

**അങ്കിത തമ്പി എസ് ആർ- 8 എ**

എൻ്റെ ഓർമയിലെ ഓണം വർണ്ണങ്ങളും ആരവങ്ങളും കൊണ്ട് നിറഞ്ഞതായിരുന്നു. ഓണത്തിൻ്റെ വരവ് അറിയിച്ചുകൊണ്ടുള്ള മാവേലിതമ്പുരാൻ്റെ പ്രതിമ, വാമന വേഷം , അത്തപ്പൂക്കളം, ഓണക്കോടി, ഓണാഘോഷ പിപാടികളുടെ വിശദീകരണം കാണിച്ചുകൊണ്ടുള്ള റസിഡൻസ് അസോസിയേഷൻറെ നോട്ടീസുകൾ ഇതെല്ലാം ഒരു ഓർമ്മമാത്രമായി. August മാസത്തിലെ കലണ്ടറിൽ ഓണാവധി കാണുമ്പോൾ തൊട്ട് എൻ്റെ മനസ്സിൽ ഓണാഘോഷം തുടങ്ങി കഴിഞ്ഞിരിക്കും. ഓണാഘോഷത്തിൽ എനിക്ക് ഏറ്റവും സന്തോഷമുള്ളത് എൻ്റെ കൂട്ടുകാരുമൊത്ത് സ്കൂളിൽ നടത്തുന്ന ഓണാഘോഷ പരിപാടികളിലും ഓണസദ്യയിലും പങ്കു ചേരുന്നതാണ്. വീടിനു മുന്നിലെ അത്തപ്പൂക്കളം ഒരുക്കാൻ അയൽപക്കത്തെ കൂട്ടുകാരോടൊപ്പം പറമ്പുകളിലും ,പാടശേഖരങ്ങളിലും, റോഡരികുകളിലും പൂക്കൂടയുമായി ഞങ്ങൾ കൈകോർത്ത് നടന്നിരുന്നു. ഓണത്തിൻ്റെ പ്രധാന ദിവസങ്ങളിൽ വീട്ടുകാരോടൊപ്പവും ബന്ധുക്കളോടൊപ്പവും ഇരുന്ന് സമൃദ്ധമായ ഓണസദ്യ കഴിച്ചും, ഊഞ്ഞാലാടിയും, ഓണക്കോടിയുടുത്തു ബന്ധുവീടുകളും വിനോദസഞ്ചാരകേന്ദ്രങ്ങൾ സന്ദർശിക്കലും ഒക്കെയായി തിരക്കുപിടിച്ച് ഓടുന്ന ദിനങ്ങൾ.

അത്തരം അവസരങ്ങളിൽ പകലിന്റെ ദൈർഘ്യം കുറവായി തോന്നി രാവുവെളുക്കുവാൻ കാത്തുക്കിടക്കുമായിരുന്നു.



കാരണം രാവിനെക്കാൾ രസം പകലുകൾക്ക് ആയിരുന്നു. ആർപ്പും, ആരവവുമായി പടികയറി വരുന്ന ഓണക്കാലം ഇന്ന് ഓർമ്മകളിൽ മാത്രമായി ചുരുങ്ങി കൂടിയിരിക്കുന്നു. നിദ്രയിൽ എപ്പോഴോ കണ്ട പാഴ്കിനാവുപോലെ ഇന്നത് മാറിക്കഴിഞ്ഞിരിക്കുന്നു. കലണ്ടറിലെ ചുവന്ന മഷി പോലെ ജീവിതത്തിലും ദിനങ്ങൾ ചുവപ്പും കറുപ്പുമായി മാറിനിൽക്കുന്നു . വീടിനുള്ളിൽ നിന്നും പുറത്തിറങ്ങാനാകാതെ കൂട്ടുകാരെ കാണാതെ സ്വന്തം മതിലിനപ്പുറം സ്വയമൊരു ജയിൽ തീർത്ത് ചെറിയൊരു വൈറസിനെ പേടിച്ച് ജീവിതത്തിലെ സന്തോഷങ്ങളെ ജീവനുവേണ്ടി മാറ്റിവെച്ച് ഓർമയിലെ അത്തരം ഓണക്കാലങ്ങളെ മനസ്സിൽ താലോലിച്ചു കഴിച്ചുകൂട്ടാനും മാസ്കിൻ്റെ മറവിനപ്പുറം പ്രകൃതിയെ ശ്വസിക്കാനും , സാനിറ്റൈസറിൻ്റെ പിൻബലമില്ലാതെ ധൈര്യമായി സഞ്ചരിക്കാനും കഴിയുന്ന ഒരു നല്ല ഓണക്കാലത്തിനായി പ്രതീക്ഷയോടെ നമുക്ക് കാത്തിരിക്കാം.

# മലയാളത്തിന് മറ്റു ഭാഷകളുമായുള്ള ബന്ധം

പ്രഭ എസ് - (അധ്യാപിക മലയാള വിഭാഗം)




ഭാഷ ആശയ വിനിമയത്തിനും ആശയപ്രകാശനത്തിനുമുള്ള ഉപാധിയാണ്. ഭാഷാശേഷിയാണ് മനുഷ്യരെ മറ്റു ജീവജാലങ്ങളിൽ നിന്നും വ്യതിരിക്തമായി നിലനിർത്തുന്നത്. ഒരു വ്യക്തിയുടെ വികാരവിചാരങ്ങൾ കൃത്യതയോടെയും പൂർണ്ണമായും അന്യനിലേക്കെത്തിക്കാൻ ഭാഷാശേഷിയിലൂടെ കഴിയുന്നു .കേരളത്തിന്റെ മാതൃഭാഷയായ മലയാളത്തോട് കേരളീയർക്ക് പെറ്റമ്മയോടുള്ളതുപോലെ ഏറ്റെ പ്രിയമാണ്.മലയാളഭാഷ തനതായ വ്യക്തിത്വം നിലനിർത്തിക്കൊണ്ട് മുന്നോട്ടു പോകുമ്പോഴും അന്യഭാഷയുമായുള്ള ബന്ധം കൂടി ശ്രദ്ധിക്കേണ്ടതാണ്. ഇംഗ്ലീഷ് ഭാഷയുമായി മലയാളത്തിനുള്ള ബന്ധമാണ് ഇവിടെ ചർച്ച ചെയ്യുന്നത്. അന്യഭാഷാപദങ്ങൾ സാരമായ വ്യത്യാസം വരുത്താതെ സ്വീകരിക്കുകയാണെങ്കിൽ അതിന് 'തത്സമം' എന്നാണ് വിശേഷിപ്പിക്കുന്നത്. അന്യഭാഷാ പദങ്ങൾ വലിയ വ്യത്യാസത്തോടെ സ്വീകരിക്കുമ്പോൾ ' തദ്ഭവം ' എന്നു പറയുന്നു. തത്സമം എന്ന രീതിയിലും തദ്ഭവം എന്ന രീതിയിലും ഇംഗ്ലീഷിൽ നിന്ന് മലയാളത്തിലേക്ക് പദങ്ങൾ കടന്നു വന്നിട്ടുള്ളതായി കാണാം. നിത്യോപയോഗത്തിന്റെ ഫലമായി അത്തരം പദങ്ങൾ മലയാളത്തിന്റെ  സ്വന്തമായി മാറുകയും ചെയ്തു.ബഞ്ച്, ഡസ്ക്, ഡോർ, ഓഫീസ്, ടിക്കറ്റ് തുടങ്ങിയവ ഉദാഹരണം. 'സ്വിച്ച് ' എന്ന പദം ഇംഗ്ലീഷ് ഭാഷയുടേതാണെങ്കിലും അത് പൊതു മലയാള പദം എന്ന നിലയിലേക്ക് പരിണമിച്ചിട്ടുണ്ട്. അതിന് 'വൈദ്യുതി ആഗമനഗമനനിയന്ത്രണ യന്ത്രം' എന്ന് പരിഹാസരൂപേണ മലയാള പരിഭാഷ പറഞ്ഞു വരുന്നുണ്ട്.

ഇംഗ്ലീഷിലെ വർത്സ്യഖരം (റ്റ) മലയാളത്തിൽ ഉപയോഗിക്കുന്ന ഇംഗ്ലീഷ് പദങ്ങളിൽ ഉച്ചാരണത്തിലും എഴുത്തിലും ചിലയിടങ്ങളിൽ മൂർദ്ധന്യമായി മാറുന്നു .ടാക്സി, ബോട്ട്, കലക്ടർ, ഹോട്ടൽ തുടങ്ങിയ പദങ്ങൾ ഇതിനുദാഹരണമാണ്.(ഭാഷാവലോകനം, ഡോ.കെ.എം പ്രഭാകരവാരിയർ).

# ഭൂമി



ദേവിക വി എസ് - 6 സി

എന്താണ് ഭൂമി? നമ്മളെല്ലാവരും പറയുന്നത്

ഭൂമി നമ്മുടെ അമ്മയാണെന്നാണ്.

പക്ഷേ നമ്മൾ ഭൂമിയെ

അങ്ങനെ കരുതിയിട്ടുണ്ടോ ?

അങ്ങനെ കരുതി യിട്ടുണ്ടെങ്കിൽ

നമ്മൾ എന്തിനാണ് ഭൂമിയോട് അനീതി കാട്ടുന്നത്.

നമ്മുടെ സ്വന്തം അമ്മയെ നമ്മൾ വേദനിപ്പിച്ചാൽ നമുക്ക്

എന്ത് വിഷമമാവും. അതുപോലെ അമ്മയ്ക്കോ? അതു പോലെയല്ലേ ഭൂമിയും. എന്നിട്ടും നമ്മൾ ഭൂമിയോട് കാട്ടുന്ന ക്രൂരത ഓർത്ത് എന്നെങ്കിലും നമ്മൾ വിഷമിച്ചിട്ടുണ്ടോ?

പ്രാണവായു നൽകുന്ന വൃക്ഷങ്ങളെ മുറിച്ചു മാറ്റുന്നതു കൊണ്ടും നെൽപ്പാടങ്ങൾ നികത്തി വലിയ വലിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നത് കൊണ്ടും ഭൂമിയുടെ സന്തുലിതാവസ്ഥയ്ക്ക് മാറ്റം വരുന്നു. കഴിഞ്ഞ കുറച്ചു കാലങ്ങളായി നാം അനുഭവിച്ചു കൊണ്ടിരിക്കുന്ന ദുരന്തങ്ങളിൽ മനുഷ്യനും പങ്കുണ്ട്.

ലോക പരിസ്ഥിതി ദിനത്തിൽ നമ്മളിൽ

ഏറെക്കുറെ പേരും തൈകൾ നടാറുണ്ട്. അതിൽ എത്ര പേരാണ് അതിനെ പരിപാലിച്ച് അതിൻറെ ഓരോ വളർച്ചയും ശ്രദ്ധാപൂർവ്വം നിരീക്ഷിക്കുന്നത്.

മനുഷ്യൻ തൻറെ സ്വാർത്ഥതയ്ക്ക് വേണ്ടി ചെയ്യുന്ന പ്രവർത്തികളുടെ അനന്തരഫലം വരുംതലമുറകളാണ് അനുഭവിക്കേണ്ടിവരുന്നത് .അതിനാൽ വരും തലമുറയ്ക്ക് വേണ്ടിയെങ്കിലും നമുക്ക് ഭൂമിയെ സംരക്ഷിക്കാം.

# ഭാഷയും നയങ്ങളും

കൊടുന്തമി ഴ് ആയിരുന്ന ഭാഷ മലയാളമായി പരിണമിച്ചത് ആറ് നയങ്ങളിലൂടെയാണെന്ന് എ. ആർ .രാജരാജ വർമ്മ പറയുന്നു. ആ നയങ്ങൾ ചുവടെ ചേർക്കുന്നു

1. അനുനാസികാതിപ്രസരം

ഒരു അനുനാസിക വർണ്ണം തനിക്ക് അടുത്തുവരുന്ന വർണ്ണം ഖരമാണെങ്കിൽ അതിനെക്കൂടി അനുനാസികമാക്കുന്നു. അനുനാസികം മുൻപും ഖരം പിൻപുമായി കൂട്ടക്ഷരം വന്നാൽ അനുനാസികം ഇരട്ടിച്ച ഫലം ചെയ്യും.

ഉദാ: ങ്ക-ങ്ങ

ഞ്ച -ഞ്ഞ

ന്ത -ന്ന

ന്റ -ന്ന

മ്പ- മ്മ

നിങ്കൾ -നിങ്ങൾ

പഞ്ചം -പഞ്ഞം

ഒന്റ്- ഒന്ന്

പഞ്ചി -പഞ്ഞി

2. താലവ്യാദേശം

താലവ്യ സ്വരത്തിന് (അ, ഇ, എ, ഐ)ശേഷം വരുന്ന

ദന്ത്യത്തിന് (ന,ത,ന്ന, ത്ത,ന്ത) താലവ്യം ആദേശം വരുന്നതാണ് തവർഗോപമർദം(താലവ്യാദേശം).

ഉദാ: ഐന്തു- അഞ്ച്

നാൻ- ഞാൻ

വൈത്താൻ- വച്ചാൻ

നരമ്പ്- ഞരമ്പ്

നെരുക്കം- ഞെരുക്കം

3. സ്വരസംവരണം

സ്വരങ്ങളെ വേണ്ടിടത്തോളം തുറന്നുച്ചരിക്കാതെ അടച്ചൊതുക്കി ഉച്ചരിക്കുന്നതാണ് സ്വരസംവരണം

ഉദാ: മഴൈ - മഴ

മലൈ - മല

4. പുരുഷഭേദനിരാസം

തമിഴിലെ കാല

വാചകങ്ങളായ ആഖ്യാതങ്ങൾക്ക് കർത്താവിനോടുള്ള പൊരുത്തത്തിനു വേണ്ടി ലിംഗം,വചനം, പുരുഷൻ എന്നിവയെ കുറിക്കുന്ന പ്രത്യയങ്ങളെ ചേർത്ത് രൂപഭേദം വരുത്താറുണ്ട്. എന്നാൽ മലയാളം ഇത് പാടേ ഉപേക്ഷിച്ചു.

വന്താർ -അവർ വന്നു

വന്നാൾ -അവൾ വന്നു

വന്താൻ -അവൻ വന്നു

5. ഖിലോപസംഗ്രഹം

ഖിലം എന്നാൽ അപ്രയുക്തം. ഒരു കാലത്ത് പ്രയോഗത്തിൽ ഉണ്ടായിരുന്നത് കാലക്രത്തിൽ ലുപ്തപ്രചാരമാകുന്നതാണ് ഖിലോപസംഗ്രഹം.

ഉദാ:കുളിക്കവന്ദേൻ- കുളിക്കാൻ വന്നു

വായിക്കപോകിറേൻ- വായിക്കാൻ പോകുന്നു

6. അംഗഭംഗം

തമിഴിലെ പഴയ ചില പ്രകൃതിക്കും പ്രത്യയങ്ങൾക്കും മലയാളത്തിൽ അക്ഷരലോപം സംഭവിച്ചിരിക്കുന്നു. ഇതാണ് അംഗഭംഗം.

ക്ക് എന്ന ഉദ്ദേശികാ വിഭക്തിയുടെയും ഉടയ എന്ന സംബന്ധികാ വിഭക്തിയുടെയും ചിഹ്നങ്ങൾ ചിലയിടത്ത് ചില നിയമങ്ങൾ അനുസരിച്ച് ഉ, ഉടെ, ടെ എന്നായി മാറിയിരിക്കുന്നു

ബിന്ദു നായർ എസ് - (അധ്യാപിക മലയാള വിഭാഗം)

# കുഞ്ചൻ നമ്പ്യാർ

ചിത്ര എസ് (എച്ച് ഒ ഡി മലയാള വിഭാഗം)



പതിനെട്ടാം നൂറ്റാണ്ടിലെ (1705-1770) പ്രമുഖ മലയാളഭാഷാ കവിയാണ് കുഞ്ചൻ നമ്പ്യാർ. പ്രതിഭാസമ്പന്നനായ കവി എന്നതിനു പുറമേ തുള്ളൽ എന്ന നൃത്തകലാരൂപത്തിന്റെ ഉപജ്ഞാതാവെന്ന നിലയിലും പ്രസിദ്ധനായ നമ്പ്യാരുടെ കൃതികൾ മിക്കവയും തുള്ളൽ അവതരണങ്ങളിൽ ഉപയോഗിക്കാൻ വേണ്ടി എഴുതപ്പെട്ടവയാണ്.

നർമ്മത്തിൽ പൊതിഞ്ഞ സാമൂഹ്യവിമർശനമാണ് അദ്ദേഹത്തിന്റെ കൃതികളുടെ മുഖമുദ്ര. മലയാളത്തിലെ ഹാസ്യകവികളിൽ അഗ്രഗണനീയനാണ് നമ്പ്യാർ. നമ്പ്യാരുടെ ജീവിതത്തെക്കുറിച്ച് കൃത്യമായ വിവരങ്ങൾ നൽകുന്ന രേഖകളൊന്നുമില്ല. ലഭ്യമായ അറിവു വച്ച്, ഇന്നത്തെ പാലക്കാട് ജില്ലയിലെ ലക്കിടി തീവണ്ടിയാപ്പീസിനടുത്തുള്ള കിള്ളിക്കുറിശ്ശിമംഗലത്ത് കലക്കത്ത് ഭവനത്തിലായിരുന്നു നമ്പ്യാരുടെ ജനനം എന്ന് കരുതപ്പെടുന്നു.

ബാല്യകാല വിദ്യാഭ്യാസത്തിനുശേഷം അദ്ദേഹം പിതാവിനോടൊപ്പം പിതൃദേശമായ കിടങ്ങൂരിലെത്തി. തുടർന്ന്

ചെമ്പകശ്ശേരിരാജാവിന്റെ ആശ്രിതനായി ഏറെക്കാലം അമ്പലപ്പുഴയിലാണ് അദ്ദേഹം ജീവിച്ചത്. ഇക്കാലത്താണ് തുള്ളൽ കൃതികളിൽ മിക്കവയും എഴുതിയതെന്ന് കരുതപ്പെടുന്നു. ചെമ്പകശ്ശേരി രാജാവായ ദേവനാരായണനെ പുകഴ്ത്തുന്ന കല്യാണസൗഗന്ധികത്തിലെ ഈ വരികൾ

പ്രസിദ്ധമാണ്:-

"ചെമ്പകനാട്ടിന്നലങ്കാരഭൂതനാം,

തമ്പുരാൻ ദേവനാരായണസ്വാമിയും

കമ്പം കളഞ്ഞെന്നെ രക്ഷിച്ചുകൊള്ളണം;

കുമ്പിടുന്നേനിന്നു നിൻപദാംഭോരുഹം"

തുള്ളൽ പ്രസ്ഥാനം

കുഞ്ചൻ നമ്പ്യാർക്ക് ചാക്യാരോടുണ്ടായ സ്വരച്ചേർച്ചയില്ലായ്മയും നീരസവും കൊണ്ട് ഒറ്റ രാത്രി കൊണ്ട് ഒരു നവീന കലാരൂപം ഉണ്ടാക്കി എന്നൊരു പഴയ കഥ



നിലവിലുണ്ട.

ദീർഘകാലത്തെ ചാക്യാർകൂത്തുമായുള്ള ബന്ധം കൊണ്ടുതന്നെ കൂട്ടിൽ നിന്നും വ്യത്യസ്തമായൊരു കലാരൂപത്തെപ്പറ്റി നമ്പ്യാർ ചിന്തിച്ചിരിക്കണം, അതിന്റെ ഫലമായിട്ടാവണം തന്റെ മനസ്സിൽ കൊണ്ടു നടന്ന തുള്ളൽ എന്ന പുതിയ കല പെട്ടെന്ന് അവതരിപ്പിക്കാൻ നമ്പ്യാർക്ക് കഴിഞ്ഞത്. കൂത്തിനെ സംസ്കൃതത്തിൽ നിന്ന് മോചിപ്പിച്ച് വേഷഭൂഷകൾ കുറച്ച് സംഭാഷണത്തിലുടനീളം നാടൻ ശീലുകൾ കലർത്തിയും മലയാള മണ്ണിന്റെ ചൂരും ചൂടുമേറ്റു കളിയാടിയപ്പോൾ

ആ കല തുള്ളലായി മാറി. തുള്ളൽ എന്ന കലാരൂപത്തിന് കാലോചിതവും ആസ്വാദ്യകരവുമായ വേഷ-ഭാഷ-വ്യവസ്ഥകൾ വരുത്തി അതിന് പുതിയ താളമേളങ്ങളും പാട്ടുമട്ടുകളും സാഹിത്യവും നൽകി നവീകരിക്കുന്നതിൽ നമ്പ്യാർ കാട്ടിയ പ്രതിഭാവിലാസവും വൈദഗ്ധ്യവുമാണ് അദ്ദേഹത്തെ തുള്ളൽ പ്രസ്ഥാനത്തിന്റെ ജനയിതാവാക്കി തീർത്തത്. തുള്ളൽ പ്രസ്ഥാനത്തിന്റെ ഏകാധിപത്യം പിടിച്ചു പറ്റാൻ നമ്പ്യാർക്കു ശേഷം ആരുമുണ്ടായിട്ടില്ല.

താൻ ജീവിച്ചിരുന്ന കാലത്തിന്റെ സാക്ഷിയായിരുന്നു നമ്പ്യാർ. അതുകൊണ്ടുതന്നെ അദ്ദേഹം അന്നത്തെ സമൂഹത്തിലെ ജീർണ്ണതകൾക്കും പുഴുക്കുത്തുകൾക്കുമെതിരെ ശക്തമായി



പ്രതികരിച്ചു. സമൂഹത്തിലെ എല്ലാ വിഭാഗത്തിൽപ്പെട്ടവരെയും നമ്പ്യാരുടെ ഭാഷ വശീകരിച്ചു. ചിരിപ്പിക്കുക മാത്രമല്ല, ചിരിയിലൂടെ ചിന്തിപ്പിക്കുന്നതായിരുന്നു നമ്പ്യാർ കൃതികളിലെ ഫലിതം. കലയും സാഹിത്യവും സാധാരണ സഹൃദയരിലേക്ക് കടന്നു ചെല്ലേണ്ടതാണെന്ന് നമ്പ്യാർ ഉറച്ചു വിശ്വസിച്ചിരുന്നു. സമകാലിക ജീവിതത്തിന്റെ പ്രതിഫലനവും പ്രതികരണവുമാണ് സാഹിത്യം എന്നതായിരുന്നു നമ്പ്യാരുടെ ദർശനം.

# വായന - മാറുന്ന പ്രവണതകൾ

പവിത്ര ബാലചന്ദ്രൻ - 11 എ

"വായിച്ചാലും വളരും വായിച്ചില്ലെങ്കിലും വളരും, വായിച്ചാൽ വിളയും വായിച്ചില്ലെങ്കിൽ വളയും" ...കുഞ്ഞുണ്ണി മാഷിന്റെ ഈ വരികൾ എല്ലാവർക്കും സുപരിചിതമാണ്. ഭക്ഷണം എങ്ങനെയാണോ നമ്മുടെ ശരീരത്തെ പോഷിപ്പിക്കുന്നത് അതുപോലെതന്നെയാണ് വായന നമ്മുടെ മനസിനെ പോഷിപ്പിക്കുന്നത്. വായന നമ്മുടെ മനസ്സിൽ അറിവിൻറെ ഒരു ലോകം തന്നെ സൃഷ്ടിക്കുന്നു. നമ്മുടെ കൽപനാ ശക്തിയെ വളർത്തുന്നതിൽ വായന ഒരു വലിയ പങ്കു വഹിക്കുന്നുണ്ട്.

പണ്ടുള്ളവർ പുസ്തകങ്ങളിലൂടെ യാണ് ലോക വിവരങ്ങൾ അറിഞ്ഞു കൊണ്ടിരുന്നത്.

അതിനായി ലൈബ്രറികളിൽ പോവുകയും വായനക്ക് വളരെയധികം പ്രസക്തി നൽകുകയും ചെയ്തിരുന്നു . ഇന്ന് ലൈബ്രറികൾ നമ്മുടെ ഓരോരുത്തരുടെയും കൈവെള്ളയിൽ തന്നെയുണ്ട്. പക്ഷേ അതിന് പലരും പ്രസക്തി നൽകുന്നില്ല എന്നതാണ് സത്യം. പണ്ടത്തെപ്പോലെ പുസ്തകം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടിന്നില്ല. നമ്മൾ എല്ലാവരും കഴിവതും വായനയ്ക്കായി സമയം മാറ്റി വക്കണം . പണ്ടുള്ളവർ കത്തിച്ച് വച്ച വായനയെന്ന അഗ്നിയെ അണയാതെ നോക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്.

ദൃശ്യമാധ്യമങ്ങൾ വായനയെ പുറകോട്ടു വലിക്കുന്ന ഈ കാലഘട്ടത്തിൽ ഇതിനെ തോൽപ്പിച്ച് വായനയെ സ്വന്തമാക്കുന്നവരാണ് യഥാർത്ഥ വായനാ സ്നേഹികൾ . അവരെപ്പോലെ നമുക്കും വായനയെ ചേർത്തുപിടിക്കാം.

# മാറുന്ന ഓണം...

# മാറുന്ന മലയാളി...

ഭദ്ര എൻ - 12 എ

ഒരു വസന്തകാലത്തിന്റെ ഓർമകളും പൂവിളികളും ആഘോഷങ്ങളുമായി ഈ പൊന്നിൻ ചിങ്ങമാസത്തിൽ സമ്പൽസമൃതിയുടെ നിറവിൽ മറ്റൊരു പൊന്നോണ കാലംകൂടി വരവായി.

ഏതൊരു മലയാളിയുടെയും മനസ്സിൽ മധുരിക്കുന്ന ഓർമയാണ് ഓണം. കേരളീയരുടെ ദേശീയോത്സവമായ ഓണത്തെ സ്വീകരിക്കുവാൻ പ്രകൃതിതന്നെ ഒരുങ്ങുന്നു. തുമ്പയും മുക്കുറ്റിയും മിഴിതുറന്നു നിൽക്കുന്ന പ്രകൃതി. മാവേലിമന്നന്റെ തലോടലിനായി കാത്തുനിൽക്കുകയാണ് ഓരോ വൃക്ഷലതാതികളും. പ്രകൃതിസൗന്ദര്യത്തിന്റെയും കേരളസംസ്കാരത്തിന്റെയും കാർഷികോത്സവത്തിന്റെയും തനിമയും പാരമ്പര്യവും വിളിച്ചോതുന്നതാണ് ഓണം.

എന്നാൽ, ആ തനിമയും പാരമ്പര്യവും എവിടെയോ നഷ്ടമായിരിക്കുന്നു. പ്രകൃതിയെ സ്നേഹിക്കാനും സംരക്ഷിക്കാനും ബഹുമാനിക്കാനുമുള്ള മനസ്സ് ഇന്നത്തെ പുതുതലമുറയ്ക്കില്ല. പഴയ തലമുറയുടെ പഴമയോടുള്ള ആഭിമുഖ്യം ഓണത്തെ സുന്ദരസ്വപ്നമാക്കി മാറ്റി. എന്നാൽ, സാങ്കേതികവിദ്യയുടെ അനന്തവിഹായസ്സിലേക്ക് ചിറകുവച്ച് പറന്നുയരുന്ന പുതുതലമുറയ്ക്ക് ഓണത്തെകുറിച്ച് ഓർക്കാൻ എന്തെങ്കിലും നല്ല ഓർമ്മകൾ ഉണ്ടോ? ഓണനാളുകളിൽ പണ്ട് കുട്ടികൾ പൂവട്ടികളുമായി കാടുകളും മേടുകളും കയറി പൂ പറിച്ചിരുന്നു;പൂക്കളമൊരുക്കിയിരുന്നു. ഊഞ്ഞാലാടിയിരുന്നു.കുടുംബാംഗങ്ങൾ ഒരുമിച്ചിരുന്ന് ഭക്ഷണം കഴിച്ചിരുന്നു. പരസ്പര സ്നേഹത്തിന്റെയും നന്മയുടെയും ശബ്ദമായിരുന്നു ഓണത്തിൽ മുഴങ്ങിയിരുന്നത്.

എന്നാൽ ഇതെല്ലാം നമ്മുക്ക് അന്യമായിരിക്കുന്നു.ഇന്ന് എല്ലാവർക്കും തിരക്കോട് തിരക്കാണ്, ലോകം വെട്ടിപ്പിടിക്കാനുള്ള തിരക്ക്, അതിനിടയിൽ സ്വന്തം മാതാപിതാക്കളെയും, സഹോദരങ്ങളെയും, മക്കളെയും, വീടിനെയും പോലും തിരിഞ്ഞുനോക്കാൻ സമയമില്ലാത്തവർ. ഇന്ന് എല്ലാവരും ബന്ധത്തേക്കാളേറെ പണത്തെയാണ് സ്നേഹിക്കുന്നത്. ഓണത്തിന്റെ വരവറിയിച്ചെത്തുന്ന ഓണത്തുമ്പികളുടെകൂടെ പാറിപ്പറന്നു നടന്ന ഒരു കാലം, ഈ കേരളത്തിലുണ്ടായിരുന്നു, കളിയും ചിരിയും ഓണപ്പാട്ടുകളുമായി നടന്ന ഒരു കുട്ടിക്കാലം അത് നമ്മളിൽ നിന്ന് ഒരുപാട് അകലെയായിരിക്കുന്നു… കൈയ്യെത്തിപിടിക്കാൻ കഴിയുന്നതിനും എത്രയോ ദൂരത്ത് അത് പോയിമറഞ്ഞിരിക്കുന്നു. ഓണപ്പാട്ടുകളും ഓണക്കളിക്കളും ഓണപ്പൂക്കളുമെല്ലാം പുതിയ തലമുറയിൽ നിന്ന് അന്യമായിരിക്കുന്നു. എന്നാൽ ഇതനുഭവിച്ചു വളരാൻ ഭാഗ്യം ലഭിച്ചവരാണ് നമ്മുടെ പൂർവികർ.

ഓണത്തെ വരവേൽക്കാൻ ഒരുപാട് സ്വപ്നങ്ങളും ആഗ്രഹങ്ങളുമായി കാത്തിരുന്ന ആ

കാലത്തെ ഓണമല്ല ഇന്ന് നാം വരവേൽക്കുന്നത്.മറിച്ച് ഡിസ്കൗണ്ടുകളും എക്സ്ചേഞ്ച് ഓഫറുകളും കാത്തിരിക്കുന്ന ഓണം.ഓണം ഇന്നൊരു ആയുധമായിമാറിയിരിക്കുന്നു,കച്ചവടക്കാർക്ക് അവരുടെ ഉത്പന്നങ്ങൾ വിറ്റഴിക്കാഞ്ഞുള്ള ഒരു സീസൺ.ഓണപാട്ടുകളും ഓണക്കളികളും പുലികളിയും അങ്ങനെ എല്ലാം എല്ലാം പരസ്യകോളത്തിലും മിനിസ്ക്രീനിലും മാത്രമായി ഒതുങ്ങികൂടിയിരിക്കുന്നു.

ഇന്നത്തെ ഓണം ഇങ്ങനെയാണ് കലണ്ടറിലെ കുറേ ചുവന്ന അക്കങ്ങൾക്കപ്പുറത്ത്, ഒരു ഷോപ്പിങ്ങിന്റെ ആഹ്ലാദത്തിനപ്പുറത്ത്, എക്സ്ചേഞ്ച് ഓഫറുകളുടെ പെരുമഴക്കാലത്തിനപ്പുറം ഓണം ഒന്നുമല്ലാതായിരിക്കുന്നു.

ഓണത്തപ്പനെ വരവേൽക്കാൻ തയ്യാറായി കാട്ടിലും മേട്ടിലുമുള്ള പൂകളായ പൂകളെല്ലാം അണിഞ്ഞൊരുങ്ങി നാടും നഗരവും വർണ്ണംകൊണ്ട് സമൃതമായ ആഘോഷം. പ്രകൃതിയുടെ ഉത്സവം. പ്രകൃതിചൈതന്യത്തെയും കേരളസംസ്ക്കാരത്തെയും വിളിച്ചോതുന്ന ഈ വരവേൽപ്പിന്റെ ഉത്സവം ഒരുപഴങ്കഥയാകാതിരിക്കട്ടെ! മണ്ണിനേയും പ്രകൃതിയെയും ആചാരങ്ങളെയും സംസ്ക്കാരത്തെയും കാത്തുസൂക്ഷിക്കാനും പരിപാലിക്കാനും നമ്മുടെ പുതുതലമുറകൾക്ക് കഴിയട്ടെ എന്ന പ്രാർത്ഥനയോടെ എല്ലാ മലയാളികൾക്കും എന്റെ ഹൃദയംഗമമായ ഓണാശംസകൾ...

# എൻറെ പനിനീർ പുഷ്പങ്ങൾ

**സ്നേഹ എസ്.എസ് - 6 ബി**

മുറ്റത്ത് നിൽക്കുന്ന പനീർ പൂവേ

നീ

എന്ത് സുന്ദരമായി നിൽക്കുന്നു... മഴനീർത്തുള്ളികൾ വീണു പതിക്കാൻ നിൻൻ ചാരെ ഇതാ ഞാൻ നിൽക്കുന്നു നിൻ സ്വാന്തന മിഴികൾ തുറക്കും നേരം

മെല്ലെ മെല്ലെ ഞാൻ ഓടി വരും

നിന്റെയീ പൂവിതളുകൾ കാറ്റിൽ സുഗന്ധം പരത്തീടുന്നു

നിന്നെ ഞാൻ സ്നേഹിക്കുമെങ്കിൽ നീ എന്ത് നൽകും എനിക്ക് പൂവേ?

പൈങ്കിളിയെ പോലെ നാണിച്ചിടുന്നു നീ കുഞ്ഞാറ്റ പോലെ കുസൃതി കാട്ടുന്നു

ഒരു തേൻ വസന്തമായ് നീയെന്നു വിരിയും? ഞാനെന്നും കാത്തുനിൽക്കുമെൻ പൂവേ...

# ഓണം അന്നും ഇന്നും.......

കാവ്യാ പ്രഭാകർ ബി ആർ - 12 എ

മലയാളികളുടെ ദേശീയോത്സവമാണ് ഓണം. ലോകത്തിൻ്റെ നാനാഭാഗത്തുമുള്ള മലയാളികൾ ജാതിമത ഭേദമന്യേ ഓണം ആഘോഷിക്കുന്നു. ചിങ്ങമാസത്തിലെ അത്തം നക്ഷത്രം മുതൽ തുടങ്ങുന്ന ഓണാഘോഷം തിരുവോണം നാളിൽ പ്രാധാന്യത്തോടെ ആഘോഷിക്കുകയും ചെയ്യുന്നു. തൃക്കാക്കരയാണ് ഓണത്തപ്പൻ്റെ ആസ്ഥാനം.

ഓണമെന്നാൽ മലയാളിക്ക് സന്തോഷത്തിൻ്റെയും ആഘോഷത്തിൻ്റെയും ദിനങ്ങളാണ്. ഓരോ ഓണവും നമുക്ക് പുതിയ ഒരു അനുഭവമായിരിക്കും സമ്മാനിക്കുന്നത്. ഓരോരുത്തർക്കും ഓണത്തേക്കുറിച്ച് പറയാൻ വ്യത്യസ്ത ഓർമ്മകളും അനുഭവങ്ങളുമൊക്കെ ഉണ്ടാവും. ഓണനാളുകളിലാണ് നാം ബന്ധുവീടുകളിൽ പോകുന്നതും, ഓണക്കോടി വാങ്ങുന്നതും, ഊഞ്ഞാലാടുന്നതും, ഓണസദ്യ കഴിക്കുന്നതും, കൂട്ടുകാരുമൊത്തു കളിക്കുന്നതും. അങ്ങനെ എന്തു രസമായിരുന്നു നമ്മുടെ ഓണം.ഓരോ ദിവസവും ആഘോഷമായിരുന്നു. ഓണാവധി കഴിയുമ്പോൾ ഭയങ്കര വിഷമായിരിക്കും. അടുത്ത ഓണമാവാൻ വേണ്ടി കാത്തിരിക്കും. എന്നാൽ കഴിഞ്ഞ വർഷം കൊറോണ എന്ന മഹാമാരി വന്നതോടെ എല്ലാം മാറി മറിഞ്ഞു. ആരും ഇത്തരം ഒരു സാഹചര്യം സ്വപ്നത്തിൽ പോലും പ്രതീക്ഷിച്ചു കാണില്ല. അതിനു മുൻ വർഷം പ്രളയം വന്നപ്പോൾ ഇത്രയും ബുദ്ധിമുട്ടുണ്ടായിട്ടില്ല. കൊറോണ എന്ന കാണാൻ പോലും കഴിയാത്ത ഒരു സൂക്ഷ്മ ജീവി കാരണം എത്രയോ കോടി ജനങ്ങളാണ് ദുരിതം അനുഭവിക്കുന്നത്. ഈ ഓണം നമുക്ക് 'സോപ്പിട്ട് മാസ്ക്കിട്ട് ഗ്യാപ്പിട്ട് ' എന്ന രീതിയിൽ ആഘോഷിക്കാം. ലോകത്തിൻ്റെ ഏതു കോണിലായാലും മലയാളി ഓണം ആഘോഷിച്ചിരിക്കും എന്നാണ് പറയാറുള്ളത്. ഇന്ന് കേരളീയർ പോലും ഓണം ആഘോഷിക്കാൻ പണമില്ലാതെ വിഷമിക്കുന്നു. ഓണക്കോടി വാങ്ങാൻ പോലും പലരുടെയും കൈയിൽ പണമില്ല. വീടിനു പുറത്തിറങ്ങാൻ കഴിയാത്തതുകൊണ്ട് ബന്ധുവീടുകളിൽ പോകാൻ കഴിയില്ല. നമ്മുടെ വീട്ടിലേക്ക് ഓണമായിട്ട് ബന്ധുക്കൾ പോയിട്ട് മാവേലി പോലും വരുമെന്ന് തോന്നുന്നില്ല. എല്ലാ ഓണവും ഓരോ വ്യത്യസ്തങ്ങളായ ഓർമ്മകളാണ്. അതുപോലെ ഈ ഓണവും പ്രൗഢിയും ആഘോഷവും ഒന്നുമില്ലാതെ വ്യത്യസ്തമായ ഒരു ഓർമ്മയാവട്ടെ.